II ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, കാളിംഗ് അറ്റൻഷൻ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, (ബഹളം).....(ബഹളം).....(ബഹളം).....

മി. സ്പീക്കർ: യേസ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി): സർ, കേരളത്തിലെ നിയമസഭാ പ്രവർത്തനങ്ങൾ സ്തംഭിക്കാൻ തുടങ്ങിയിട്ട് ഇന്ന് ഏഴാമത്തെ ദിവസമാണ്. കേരളത്തിലെ ജനങ്ങൾ മാത്രമല്ല ഇന്ത്യയൊട്ടാകെയുള്ള ജനങ്ങൾ .....(ബഹളം).....(ബഹളം).....

(ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കാൻ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെ ക്ഷണിച്ച ഉടനെതന്നെ പ്രതിപക്ഷനേതാവ് സംസാരിക്കാൻ എഴുന്നേൽക്കുകയും സ്പീക്കർ അദ്ദേഹത്തെ അനുവദിക്കുകയും ചെയ്തെങ്കിലും ഭരണപക്ഷത്തെ പിൻനിരയിൽപ്പെട്ട പല അംഗങ്ങളും എഴുന്നേറ്റ് തങ്ങൾക്കും സംസാരിക്കാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: യേസ്, പ്ലീസ്, പ്ലീസ്, പ്ലീസ്, (ബഹളം).....(ബഹളം).....(ബഹളം)....പ്ലീസ്, പ്ലീസ്, ബഹുമാനപ്പെട്ട അംഗങ്ങൾ പ്ലീസ്, പ്ലീസ്, പ്ലീസ് ബഹുമാനപ്പെട്ട അംഗങ്ങളുടെ .....പ്ലീസ് പ്ലീസ്.....യേസ്, എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട ബാദ്ധ്യത ചെയറിനുണ്ടെന്ന് അറിയാം, എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട ബാദ്ധ്യത ചെയറിനുണ്ടെന്ന് ചെയറിന് നല്ല ബോദ്ധ്യമുണ്ട്. എന്നിരുന്നാലും പ്രതിഷേധത്തിന്റെ ഭാഗമായി വരുന്നതിനെ തടയുവാനാകില്ല. ഇതിന് എന്തെങ്കിലും ഒരു പോംവഴിയുണ്ടോയെന്ന് ചെയർ പരിശോധിക്കാം. ദയവുചെയ്ത് ക്ഷമിക്കുക, അവിടെയിരിക്കുക, ദയവു ചെയ്ത് ക്ഷമിച്ച് അവിടെയിരിക്കുക, (ബഹളം)....ഞാൻ പറയുന്നതുപോലും കേൾക്കാൻ വയ്യ. പ്ലീസ്, പ്ലീസ്....(ബഹളം)....(ബഹളം)...

(തുടർന്നും ഭരണപക്ഷത്തെ പിൻനിരയിൽപ്പെട്ട പല അംഗങ്ങളും എഴുന്നേറ്റുനിന്ന് പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കാതെ തങ്ങൾക്കും സംസാരിക്കാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹളം വച്ചുകൊണ്ടിരുന്നു).

മി. സ്പീക്കർ: പ്ലീസ് ഹിയർ മി. പ്ലീസ് ഹിയർ മി, ബഹുമാനപ്പെട്ട അംഗങ്ങളുടെ വികാരം ചെയറിന് മനസ്സിലാകുന്നുണ്ട്. യേസ്, യേസ്. പ്ലീസ് ഹിയർ മീ, ഇതിന് എന്തെങ്കിലും പോംവഴിയുണ്ടോ എന്ന് ചെയർ പരിശോധിക്കാമെന്ന് ചെയർ പറഞ്ഞല്ലോ, ഇതിന് എന്തെങ്കിലും പോംവഴിയുണ്ടോയെന്ന് പരിശോധിക്കാം, ...പ്ലീസ് ഹിയർ മീ, പ്ലീസ് ലിസൺ മി, ശ്രദ്ധിക്കുക. യേസ്.....(ബഹളം) പ്ലീസ്, പ്ലീസ്, ഈ നടപടികൾ എന്താണെന്ന് മനസ്സിലാക്കണമല്ലോ, അത് കേൾക്കണമല്ലോ, ഒരു കാര്യം ചെയ്യുക- - ഒരു കാര്യം ചെയ്യുക പ്ലീസ്.... പ്ലീസ്...ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇരിക്കുക, ഇരിക്കുക....

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുക..... ശ്രീ. രാജേന്ദ്രൻ.... ശ്രീ. സത്യൻ മൊകേരി അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത് ഒരാൾ പറയുക (ബഹളം)....(ബഹളം)....(ബഹളം).... ശ്രീ. സത്യൻ മൊകേരി സംസാരിക്കാൻ തുടങ്ങിയപ്പോൾ പ്രതിപക്ഷനേതാവിനെ ആദ്യം സംസാരിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു. (ബഹളം)....

മി. സ്പീക്കർ: അത് കേൾക്കണ്ടേ, എന്താണെന്ന് എനിക്ക് കേൾക്കണ്ടേ, അതൊക്കെ ചെയറിന്റെ അധികാരങ്ങളാണ്. ചെയറിന്റെ ഡിസ്ക്രീഷനിൽ വരുന്ന കാര്യങ്ങളാണ്, അത് എന്താണെന്ന് കേൾക്കണ്ടേ, പ്രതിപക്ഷ നേതാവിനെ വിളിക്കാം, എല്ലാപേരും ചെയറിനോട് സഹകരിക്കണം, അതൊന്നും ശരിയായ പ്രാക്ടീസല്ല, (ബഹളം)....

ശ്രീ. സത്യൻ മൊകേരി: സർ. ഈ സഭ തുടങ്ങി ഒരാഴ്ചക്കാലമായിട്ടും ഈ സഭ നടത്താൻ പ്രതിപക്ഷം അനുവദിക്കുന്നില്ല. ജനങ്ങളുടെ വോട്ടുവാങ്ങി ഇവിടെ വന്നുകഴിഞ്ഞാൽ ജനാധിപത്യപരമായ (ബഹളം)....

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി ബഹളം വച്ചുകൊണ്ടിരുന്നു).

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ; (ബഹളം)....അതൊക്കെ ചെയറിന്റെ ഡിസ്ക്രീഷനാണ്. ചെയറിന് അധികാരങ്ങളൊക്കെയുണ്ട്, ചെയറിന് എല്ലാപേരുടേയും അവകാശം സംരക്ഷിക്കണം ഭരണപക്ഷത്തിന്റെയും, പ്രതിപക്ഷാംഗങ്ങളുടേയും പ്രതിപക്ഷ നേതാവിന്റെയുമെല്ലാം അവകാശങ്ങൾ ഉണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്..... (ബഹളം)..... എല്ലാപേരും അതാതു സീറ്റുകളിൽ പോയി ഇരിക്കണം, എല്ലാപേരും അതാത് സീറ്റുകളിൽ പോയി ഇരിക്കണം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.. എല്ലാപേരും അതാത് സീറ്റുകളിൽ പോയി ഇരിക്കണം, (ബഹളം)....പ്ലീസ്.. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ചെയർ വിളിക്കുന്നു, എല്ലാപേരും സീറ്റുകളിൽ പോയി ഇരിക്കണം, പ്ലീസ്..പ്ലീസ്..പ്ലീസ്..പ്ലീസ്..(ബഹളം).... ശ്രീ. മാമ്മൻ മത്തായി, എല്ലാപേരും സീറ്റുകളിൽ പോയി ഇരിക്കണം, പ്ലീസ്..... എല്ലാപേരും സീറ്റുകളിൽ പോയി ഇരിക്കണം....പ്ലീസ് ..... എല്ലാപേരും സീറ്റുകളിൽ പോയി ഇരിക്കണം, സഭാനടപടികൾ നടത്തികൊണ്ടുപോകുന്നതിന്റെ മുഖ്യമായ ചുമതല ചെയറിന് ഉണ്ട്. അത് സഭ അംഗീകരിക്കുക തന്നെ വേണം. ഞാൻ എല്ലാ കാര്യങ്ങളിലും പരമാവധി വിട്ടുവീഴ്ച ചെയ്യുന്ന ഒരാളാണ്. സഭാനടപടികൾ നടത്തികൊണ്ടു പോകുന്നതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം ചെയറിനുണ്ട്. അത് അനിഷേധ്യമാണ്, അതിനെ ആരും ചോദ്യം ചെയ്യാൻ പാടുള്ളതല്ല, ഒരംഗവും ചോദ്യം ചെയ്യാൻ പാടില്ല. എല്ലാറ്റിനും ഒരു പരിധിയുണ്ട്. ആ പരിധിക്ക് അപ്പുറം പോകുന്നതിനോട് ചെയറിന് യോജിപ്പില്ല, രണ്ടു ഭാഗത്തോടും പറയുന്നു. അങ്ങോട്ടും പറയുന്നു, ഇങ്ങോട്ടും പറയുന്നു. ചെയറിന് ആരുടേയും മുഖം നോക്കേണ്ട കാര്യമില്ല, പ്ലീസ്, പ്ലീസ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.

(ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും അംഗങ്ങൾ അവരുടെ സീറ്റുകളിൽ പോയി ഇരുന്നു).

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഈ നിയമസഭയിൽ നടക്കുന്ന കാര്യങ്ങൾ കേരളം മാത്രമല്ല, ഇന്ത്യാ രാജ്യം മുഴുവൻ നോക്കിക്കാണുകയാണ്..... (ബഹളം)....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്..... (ബഹളം).....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് പറയുക. ശാന്തമായിട്ട് പറയാമെന്ന് കരുതരുത്. ശാന്തതയോടുകൂടി ഈ സഭയിൽ എനിക്കുപോലും സംസാരിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അങ്ങേയ്ക്ക് പറയാനുള്ള കാര്യങ്ങൾ പറയുക.

ശ്രീ. എ. കെ. ആന്റണി : ഈ നിയമസഭയിൽ ഈ ദിവസങ്ങളിൽ നടക്കുന്ന കാര്യങ്ങൾ കേരളം മാത്രമല്ല ഇന്ത്യാ രാജ്യം മുഴുവൻ നോക്കികാണുകയാണ്. ഗുജറാത്തിൽ ആർ.എസ്സ്.എസ്സ്-ൽ പ്രവർത്തിക്കാൻ ജീവനക്കാർക്ക് അനുവാദം കൊടുക്കുന്നതിനെതിരായി ഇന്ത്യൻ പാർലമെന്റിൽ ഈ പ്രതിപക്ഷത്തുള്ള അംഗങ്ങൾക്കൊപ്പം പാർലമെന്റ് രണ്ടാഴ്ചക്കാലം സ്തംഭിപ്പിക്കുന്നതിന് നേതൃത്വം കൊടുത്ത ആൾക്കാരാണ് ഈ ഭരണകക്ഷിക്കാർ. രണ്ടാഴ്ച പാർലമെന്റ് സ്തംഭിപ്പിക്കാൻ ഞങ്ങൾക്കൊപ്പം ഡൽഹിയിൽ കൂട്ടുകൂടിയ ഈ ഭരണകക്ഷി കേരളത്തിൽ കാണിക്കുന്ന കാര്യം ഇന്ത്യ മുഴുവൻ കണ്ണുതുറന്ന് കണ്ടുകൊണ്ടിരിക്കുകയാണ്. രണ്ടാഴ്ചക്കാലം പാർലമെന്റ് സ്തംഭിച്ചപ്പോൾ പ്രധാനമന്ത്രി ശ്രീ വാജ്പോയി സ്പീക്കറുടെ മുറിയിൽ ആറു പ്രാവശ്യം പ്രതിപക്ഷങ്ങളെ വിളിച്ചു ചർച്ചചെയ്യാൻ തയ്യാറായി. ഇവിടെ ഈ സഭയിൽ അന്ന് മൂന്നുപ്രാവശ്യം പറഞ്ഞിട്ട് ഒരിക്കൽപോലും ഈ മുഖ്യമന്ത്രി പ്രതിപക്ഷങ്ങളെ ചർച്ചയ്ക്ക് വിളിക്കാൻ തയ്യാറായിട്ടില്ല. മാത്രമല്ല രണ്ടാഴ്ചത്തെ സമരത്തിനു ശേഷം പ്രധാനമന്ത്രി മുൻകൈയെടുത്ത് ഗുജറാത്ത് ഗവൺമെന്റിന് നിർദ്ദേശം കൊടുത്തതനുസരിച്ച് ആർ.എസ്സ്.എസ്സ്-നെ അനുകൂലിക്കുന്ന ഉത്തരവ് പിൻവലിക്കുകയുണ്ടായി. ശ്രീ. വാജ്പോയി കാണിച്ച മര്യാദപോലും ശ്രീ. നായനാർ കാണിക്കുന്നില്ല. ഈ സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയത്തിന്റെ ഫലമായി ഇന്ന് ലക്ഷോപലക്ഷം വിദ്യാർത്ഥികൾ അലഞ്ഞുതിരിയുകയാണ്. അവർ ഇന്ന് തെരുവിലാണ്. വിദ്യാർത്ഥികളും രക്ഷിതാക്കളും തെരുവിൽ. അഴിമതിക്കഥകൾ ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നു. അഴിമതിക്കഥകൾ ഈ ഭരണകക്ഷിയെ ഇന്ന് ഞെട്ടിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് അവർ ഉത്തരം പറയാൻ മടിക്കുന്നു. ഇവിടെ അഴിമതിനിരോധന കമ്മീഷൻ ഉള്ള അവസരത്തിലാണ് യു.ഡി.എഫിന്റെ കാലത്ത് ഈ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ അന്വേഷണ കമ്മീഷനെ നിയമിക്കാൻ വേണ്ടി ഇവിടെ ശബ്ദമുയർത്തിയത്. അഴിമതി നിരോധന കമ്മീഷൻ ഉണ്ടായിരുന്ന അവസരത്തിലാണ് മുൻമുഖ്യമന്ത്രി ശ്രീ. കരുണാകരനെതിരായും ശ്രീ. ടി. എം. ജേക്കബ്ബിന് എതിരായും നരേന്ദ്രൻ കമ്മീഷനെ നിയോഗിക്കാൻ തയ്യാറായത്. അഴിമതിനിരോധന കമ്മീഷൻ ഉള്ള അവസരത്തിലാണ് ഇവിടെ നിങ്ങൾ ബ്രഹ്മപുരം പദ്ധതിയിലെ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കാൻ കമ്മീഷനെ വച്ചത്. കാശ് കൊടുത്ത വ്യക്തികൾ വ്യക്തമായി അക്കമിട്ട് പത്രസ്സമ്മായി വാർത്താമാദ്ധ്യമങ്ങളോട് പരാതി പറഞ്ഞുകഴിഞ്ഞിട്ടും എന്തേ നിങ്ങൾ അന്വേഷണത്തെ ഭയപ്പെടുന്നു.? അന്വേഷണം നടത്തിയാൽ നിങ്ങളുടെ കൂട്ടത്തിലുള്ള പലരുടേയും അഴിമതിക്കഥകൾ മുഴുവൻ പുറത്തുവരും.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് അന്വേഷണത്തെ ഭയമാണ്. അന്വേഷണത്തെ നിങ്ങൾ ഭയപ്പെടുന്നു. നിഷ്പക്ഷമായ അന്വേഷണത്തെ ഭയപ്പെടുന്ന ഭീരുക്കളായി നിങ്ങൾ മാറിയിരിക്കുന്നു. ഇത് ശരിയല്ല. ഏഴു ദിവസം കഴിഞ്ഞു ഇതുവരെ ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ചോ ? ഏഴ് ദിവസം നിയമസഭ സ്തംഭിച്ചു. രണ്ടാഴ്ച പാർലമെന്റ് സ്തംഭിച്ചപ്പോൾ ആറ് പ്രാവശ്യം ചർച്ച നടന്നു. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ടും ഒരിക്കൽപോലും ചർച്ച ഇല്ല. ഞങ്ങൾ കൊടുത്ത കത്തിന് പതിനെട്ട് ദിവസം കഴിഞ്ഞിട്ടും മറുപടി ഇല്ല. എന്ത് ജനാധിപത്യം, എന്ത് മര്യാദ, എന്ത് പാർലമെന്ററി ഡെമോക്രസി ? ഞാൻ വീണ്ടും ആവശ്യപ്പെടുന്നു, പ്ലസ്ടുവിൽ നടന്ന ക്രമക്കേടുകൾക്ക് പരിഹാരമുണ്ടാകണം. വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗകര്യമുണ്ടാകണം. എല്ലാ സൗകര്യങ്ങളും ഇല്ലെങ്കിൽ സൗകര്യ മുണ്ടാകുന്നതുവരെ അവകാശമായി നമുക്ക് പ്രീഡിഗ്രി ഡീലിങ്ക് ചെയ്താൽ മതി. ഒന്നോ രണ്ടോ വർഷം കൂടി അത്യാവശ്യമുള്ള സ്ഥലങ്ങളിൽ, കോളേജുകളിൽ പ്രീഡിഗ്രി തുടരട്ടെ. ഇവിടെ നടന്ന ഈ കോഴയെക്കുറിച്ച്, അഴിമതിയെക്കുറിച്ച്, സ്വജനപക്ഷപാതത്തെക്കുറിച്ച് ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെ ക്കൊണ്ട് അന്വേഷിപ്പിക്കണം. അന്വേഷണം പൂർത്തിയാകുന്നതുവരെ ഈ അഴിമതിയുടെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് വിദ്യാഭ്യാസ മന്ത്രി മാറി നിൽക്കണം. മാറി നിൽക്കുന്നില്ലെങ്കിൽ ആ മന്ത്രിയെ അങ്ങ് മാറ്റി നിർത്തണം. അതിന് തയ്യാറുണ്ടോ എന്നാണ് എനിക്ക് അറിയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇവിടെ ലോകസഭയിലെ പ്രസ്താവനയെപ്പറ്റി തുടങ്ങിയിട്ടാണ് പ്രതിപക്ഷം ഇതേ പ്രസംഗം ഏഴ് ദിവസം ഇവിടെ നടത്തിയത്. ഒരേ പ്രസംഗം, ഒരേ വാചകം, ഒരേ ആവശ്യങ്ങൾ അതിന് ഞാൻ മറുപടി പറയുന്നു. ലോകസഭയിൽ ശക്തിയായ പ്രതിഷേധം ഉണ്ടായിട്ടുണ്ട്. രണ്ടാഴ്ച ഉണ്ടായിട്ടുണ്ട്. എന്തുകൊണ്ട്? ഗുജറാത്ത് ഗവൺമെന്റ് ആർ. എസ്സ്.എസ്സ് -ൽ പ്രവർത്തിക്കാൻ വേണ്ടി ജീവനക്കാരെ അനുവദിച്ചതുകൊണ്ട് മെമ്പറായി ചേരാ നുള്ള ജനവിരുദ്ധവും വർഗ്ഗീയവുമായിട്ടുള്ള നിലപാട് എടുത്തുകൊണ്ട് അതിനെ ശക്തിയായി വിമർശിച്ചു. ശക്തിയായി വർഗ്ഗീയതയെ പിന്തുണയ്ക്കുന്ന ബി.ജെപി.ക്ക് കൂടുനിൽക്കുന്ന ഈ പ്രതിപക്ഷ നേതാവ് അതിനെ ന്യായീകരിച്ചു കൊണ്ട് ഇന്ന് പ്രസംഗിക്കുകയാണ്. ഞങ്ങൾ എതിർത്തത് എന്തിനാണ് ? ആർ. എസ്സ്.എസ്സ്-ൽ ചേരാൻ വേണ്ടി ജീവനക്കാർക്ക് പൂർണ്ണമായി പിന്തുണ നൽകിയ ഗുജറാത്ത് ഗവൺമെന്റിന്റെ നടപടിയെ പരാജയപ്പെടുത്താനാണ് അത് ഞങ്ങൾ പരാജയപ്പെടുത്തി. ഇവിടെ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി പൂർണ്ണമായി ആർ.എസ്സ്.എസ്സ്-ന് പിന്തുണ നൽകുകയാണ്, ബി.ജെ.പി.ക്ക് പിന്തുണ നൽകുകയാണ്. അല്ലെങ്കിൽ അത് ആക്ഷേപമായിട്ട് ഇവിടെ പറയാൻ പാടില്ല. ആർ.എസ്സ്. എസ്സ്-ന്റെ കൂട്ടുകാരനാണ് ഈ എ. കെ. ആന്റണി എന്നുള്ള സത്യം ഈ രാജ്യത്തിലെ ജനങ്ങൾ മനസ്സിലാക്കും. 1991 മുതൽ 1996 വരെയുള്ള കേരള നിയമസഭയുടെ സമയത്ത് ശ്രീ. കരുണാകരനായിരുന്നു മുഖ്യമന്ത്രി. നിങ്ങൾ ഭരിക്കുന്ന കാലത്ത് ആറ് കോടി രൂപയുടെ പാമോയിൽ അഴിമതി കേസ്സിനെപ്പറ്റി ഞങ്ങൾ ഉന്നയിച്ചു. അതുപോലെ ശ്രീ. ടി. എം ജേക്കബ്ബിനെതിരെ മൂന്നര കോടി രൂപയുടെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയിലെ അഴിമതിയെപ്പറ്റി ഞങ്ങൾ ഉന്നയിച്ചു. അതുപോലെ ഗ്രാഫൈറ്റ് കേസ്സിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരായി കോടതി വിധി വരുന്നതിനുമുമ്പ് ഞങ്ങൾ ആരോപണം ഉന്നയിച്ചു. അതുപോലെ ബ്രഹ്മപുരം കേസ്സുമായി ബന്ധപ്പെട്ട 78 കോടി രൂപയുടെ അഴിമതി നിങ്ങൾ നടത്തി എന്ന് ഞങ്ങൾ ആരോപണം ഉന്നയിച്ചു. എന്നിട്ടും ഞാൻ ചോദിക്കട്ടെ, ഈ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് നിങ്ങൾ ഒരു കമ്മീഷനെ വച്ചില്ല. ഇപ്പോൾ ഗ്രാഫൈറ്റ് കേസ്സ് കോടതിയിൽ നടക്കുകയാണ്. ഇപ്പോൾ ലോകായുക്ത ഉണ്ട്. അതിൽ മുൻ ജസ്റ്റീസ് ഉണ്ട്, ഹൈക്കോടതി ജഡ്ജിമാർ ഉണ്ട്, അവരുടെ അടുത്ത് ഈ കേസ്സ് കൊടുക്കാം. ആ കേസ്സിനെപ്പറ്റി വിധി വന്നാൽ ആ കുറ്റത്തിൽ ഞങ്ങളെ ശിക്ഷിക്കാം. ഇപ്പോൾ ഇവിടത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രിയെ മാറ്റി നിർത്തുന്ന ഒരു പ്രശ്നവും ഇവിടെ ഇല്ല; തീർച്ചയായും മാറ്റി നിർത്തുന്ന പ്രശ്നമില്ല. നിങ്ങൾ അഴിമതിയുടെ കാര്യം അവിടെ കൊടുത്തു. അന്വേഷണം കഴിഞ്ഞതിനു ശേഷം വരുന്ന ഏത് വിധിയും സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. അത് കൊടുക്കാതെ ഈ യോഗത്തിൽ കൂക്കിവിളിച്ച് വിദ്യാഭ്യാസവകുപ്പുമന്ത്രിയെ മാറ്റി നിർത്താൻ നിങ്ങൾ നടത്തുന്ന ഒരു നടപടിക്കും വഴങ്ങുന്ന ഏർപ്പാടില്ലെന്ന് ഞാൻ ശക്തിയായി പറയുന്നു. നിങ്ങൾ ഉന്നയിച്ച അഴിമതി ആരോപണങ്ങൾ ലോകായുക്തയിൽ കൊടുക്കുന്നു. ആ ജഡ്ജിമാരുടെ വിധി ഏത് വന്നാലും ഞങ്ങൾ സ്വീകരിക്കും. അല്ലാതെ നിങ്ങളുടെ മുദ്രാവാക്യത്തിൽ കീഴടങ്ങുന്ന ഏർപ്പാട് ഇവിടെ ഇല്ല. വിദ്യാഭ്യാസവകുപ്പുമന്ത്രിയെ മാറ്റി നിർത്തുന്ന ഏർപ്പാടും ഇല്ല. നിങ്ങളുടെ പരാതി ലോക് ആയുക്തയിൽ കൊടുക്കണം. ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന തരത്തിലുള്ള ദുരുദ്യോഗമാണ് ശ്രീ. എ. കെ. ആന്റണി ഈ അസംബ്ലിയിൽ നടത്തിയിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രതിപക്ഷത്തിന്റെ വികാരം ഇവിടെ പ്രകടിപ്പിച്ചു. ഗവൺമെന്റിന് അതു സംബന്ധിച്ചുള്ള മറുപടി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ പറഞ്ഞു കഴിഞ്ഞു. ഇത് തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. സഭയുടെ 7 ദിവസങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്..... (ബഹളം)..... ചെയർ സംസാരിക്കുമ്പോൾ ഇന്റർഫിയർ ചെയ്യാതിരിക്കുക. സഭയുടെ 7 വിലപ്പെട്ട ദിവസങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. Now it is too much.അതിന്റെ മാക്സിമത്തിൽ ആയിരിക്കുകയാണ്. അതുകൊണ്ട് ഇതിനൊരു പോംവഴി ഉണ്ടായേ മതിയാകൂ. സഭ നടക്കണമെന്നാണ് ചെയറിന്റെ അഭിപ്രായം. അതുകൂടി പരിശോധിക്കുന്നതിനുവേണ്ടി ഒരു പോംവഴി കണ്ടുപിടിക്കുകയെന്നുള്ള ലക്ഷ്യം കൂടി വച്ചുകൊണ്ടാണ് ചെയർ ഒരു കാര്യം പറഞ്ഞത്.... (ബഹളം)... ഇന്ന് വിവിധ കക്ഷിനേതാക്കളുടെ യോഗം ഇവിടെ ചേരുന്നതാണ്. ആ യോഗത്തിൽ ഈ കാര്യങ്ങൾ വീണ്ടും പരിശോധിക്കാം കാരണം, അംഗങ്ങളുടെ വികാരമെല്ലാം ഇവിടെ പ്രകടിപ്പിച്ചു. അതെല്ലാം വച്ചുകൊണ്ട് പറയുകയാണ്. കക്ഷിനേതാക്കളുടെ യോഗം ചേരുന്നതാണ്. ചെയറാണ് പറയുന്നത്. ശ്രീ. മാണി, തോക്കിനകത്തു കയറി വെടിവയ്ക്കാതിരിക്കൂ. ഇതൊക്കെ മനസ്സിലാക്കിക്കൊണ്ടാണല്ലോ ചെയർ പറയുന്നത്. അതുകൊണ്ട് ഇതിനുശേഷം കക്ഷിനേതാക്കളുടെ യോഗം കൂടുന്നതാണ് എന്ന കാര്യം കൂടി ചെയർ അറിയിക്കുന്നു. ഓർഡർ,ഓർഡർ,....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, ഇപ്പോൾ തന്നെ കൂടണം.....(ബഹളം).....

മി. സ്പീക്കർ: ധനകാര്യം, സഭാ നടപടികളിലേയ്ക്ക് കടക്കുകയാണ്..... (ബഹളം).....

ശ്രീ. എ. കെ. ആന്റണി : സർ, ഇപ്പോൾ തന്നെ യോഗം കൂടണം.

മി. സ്പീക്കർ: ഉടനേ തന്നെ കൂടാമെന്നു പറഞ്ഞല്ലോ, തോക്കിനകത്തു കയറി വെടിവയ്ക്കേണ്ട. ഇതൊക്കെ നമുക്കറിയാം. സഭാ നടപടികളിലേയ്ക്ക് കടക്കുകയാണ്.

III ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള പരിഷ്കരിച്ച വാർഷിക ധനവിവരണ പത്രികയും വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ ധനാഭ്യർത്ഥനയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള പുതുക്കിയ ധനാഭ്യർത്ഥനയും വ്യതിയാന പത്രികയും ഞാൻ സമർപ്പിക്കുന്നു. *

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(2000 ജൂൺ 27-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക).

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001				
		27-3-2000-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXII	നഗരവികസനം	56,07,85,000	10,56,67,000	1,12,15,71,000	21,13,33,000	1,33,29,04,000
XXXV	പഞ്ചായത്ത്	3,13,82,83,000	33,33,000	6,27,65,66,000	66,67,000	6,28,32,33,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly